**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1148.** 30.11.2018 ൽ മറുപടിയ്ക്ക്

**സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്ക മരുന്നുകളും പുകയില ഉത്പന്നങ്ങളും വിപണനം നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികളോ കേസുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സാമൂഹ്യ തിന്മകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പുകയില, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ. യുടെയും പൊതുജനങ്ങളുടെയും സഹകരണ ത്തോടെ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികൾക്ക് മയക്ക മരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർ ക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ |

| | | | |
|---|---|---|---|
| | | | പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>ലഹരി പദാർത്ഥങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ, വാഹകരായി കുട്ടികളെ ഉപയോഗിച്ച കേസുകൾ, സ്കൂൾ പരിസരത്തുൾപ്പെടെ കുട്ടികൾക്ക് ലഹരിപദാർത്ഥങ്ങൾ വിതരണം ചെയ്യുവർക്കെതിരെ കേസുകൾ തുടങ്ങി നിരവധി കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സമർപ്പിച്ച ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

[signature]

**സെക്ഷൻ ഓഫീസർ**